5. ഓർക്കാട്ടേരി ഡിസ്ട്രിബ്യൂട്ടറി, സബ് ഡിസ്ട്രിബ്യൂട്ടറി & ഫീൽഡ് ബോത്തി
6. ഏറാമല ഡിസ്ട്രിബ്യൂട്ടറി
7. തട്ടോളിക്കര ഡിസ്ട്രിബ്യൂട്ടറി
8. കല്ലാമല ഡിസ്ട്രിബ്യൂട്ടറി
9. മയ്യന്നൂർ സബ് ഡിസ്ട്രിബ്യൂട്ടറി
10. ഉരാളുങ്കൽ ഫീൽഡ്ബോത്തി
11. വില്യാപ്പള്ളി ഡിസ്ട്രിബ്യൂട്ടറി
12. നടക്കുതാഴെ ഡിസ്ട്രിബ്യൂട്ടറി, സബ് ഡിസ്ട്രിബ്യൂട്ടറി
13. പുതുപ്പണം ഡിസ്ട്രിബ്യൂട്ടറി, സബ് ഡിസ്ട്രിബ്യൂട്ടറി
14. തോണിതലയ്ക്കൽ ഡിസ്ട്രിബ്യൂട്ടറി

1962-ൽ ഈ പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുകയും 1993-ൽ പദ്ധതി പൂർത്തിയായതായി പ്രഖ്യാപിക്കുകയും ചെയ്തതാണ്.

(ബി) ഇപ്രകാരം നിർമ്മിച്ച കൈക്കനാലുകളിൽക്കൂടിയാണ് ജലസേചനത്തിന് വെള്ളം കൊടുത്തുവരുന്നത്. കഴിഞ്ഞ വർഷം കുറുഞ്ഞാലിയോട് ഡിസ്ട്രിബ്യൂട്ടറിയിൽ 0/750 Km വരേയും ചോറോട് ഡിസ്ട്രിബ്യൂട്ടറിയിൽ 2/200 Km വരേയും വൈക്കുലിശ്ശേരി ഡിസ്ട്രിബ്യൂട്ടറിയിൽ അവസാനഭാഗം വരേയും ഓർക്കാട്ടേരി ഡിസ്ട്രിബ്യൂട്ടറിയിൽ 1/500 Km വരേയും ഏറാമല ഡിസ്ട്രിബ്യൂട്ടറിയിൽ 0/900 Km വരേയും വില്യാപ്പള്ളി ഡിസ്ട്രിബ്യൂട്ടറിയിൽ 2/00 Km വരേയും നടക്കുതാഴെ ഡിസ്ട്രിബ്യൂട്ടറിയിൽ1/100 Km വരേയും സബ് ഡിസ്ട്രിബ്യൂട്ടറിയിൽ 0/600 Km വരേയും പുതുപ്പണം ഡിസ്ട്രിബ്യൂട്ടറിയിൽ അവസാനഭാഗംവരേയും സബ് ഡിസ്ട്രിബ്യൂട്ടറിയിൽ1/600 Km വരേയും വെള്ളം ഒഴുക്കിയിട്ടുണ്ട്.

(സി) കാലപ്പഴക്കംമൂലവും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലവും കൈക്കനാലുകൾ പലതും മണ്ണിടിഞ്ഞു കിടക്കുകയാണ്. എങ്കിലും മുൻവർഷങ്ങളെക്കാൾ കാര്യമായി 2010 വർഷത്തിൽ ജലസേചനം നടത്തിയിട്ടുണ്ട്.

ചപ്പാരപ്പടവിൽ തടയണ

119 (5009) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മുനിസിപ്പാലിറ്റിയിലേക്ക് ചപ്പാരപ്പടവ് പുഴയിൽ നിന്നും ജലം കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട യോഗതീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചപ്പാരപ്പടവിലെ കാട്ടാമ്പള്ളി കടവിൽ ഇതിലേക്കായി 5 കോടി രൂപ ചെലവിൽ ഓട്ടോറിക്ഷാപാതയോടുകൂടിയ തടയണ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ ; ആയതിന്റെ പുരോഗതി അറിയിക്കുമോ ;

(സി) എന്നേക്ക് തടയണയുടെ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തടയണക്കാവശ്യമായ അഞ്ച് കോടി രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കുവാനും തടയണയുടെ, കൃത്യമായ സ്ഥാനനിർണ്ണയത്തിനായി ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പരിശോധന നടത്തിയുക്തമായ തീരുമാനമെടുക്കുവാനും നിർദ്ദേശിച്ചു.

(ബി) തീരുമാനിച്ചിരുന്നു. പദ്ധതിയുടെ പ്രാഥമിക പര്യവേഷണ നടപടികൾ പുരോഗതിയിലാണ്. ഫണ്ട് അനുവദിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രാഥമിക പര്യവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയും അനുബന്ധ നടപടികളും പൂർത്തിയായതിനുശേഷമേ പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളൂ.

കാക്കടവിൽ തടയണ നിർമ്മിക്കുന്ന പദ്ധതി

120 (5010) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴിമല നാവിക അക്കാഡമിക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി പ്രകാരം കാക്കടവിൽ വർഷാവർഷം താൽക്കാലിക തടയണ നിർമ്മിച്ച് ലക്ഷങ്ങൾ പാഴാക്കുന്ന നടപടി ഒഴിവാക്കി സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഏകദേശം 5 മീറ്റർ ഉയരമുള്ള ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിന് ഏകദേശം 5 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുപുഴയിൽ നിർമ്മിക്കാൻ തീരുമാനിച്ച ട്രാക്ടർ വേയുടെ നിർമ്മാണം

121 (5011) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ ചെറുപുഴയിൽ നിർമ്മിക്കാൻ തീരുമാനിച്ച ട്രാക്ടർ വേയുടെ നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly